(ഡി) ബി. പി. എൽ. നിരക്കിൽ വിതരണം ചെയ്യുന്ന അരിക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പൊതുവിപണിയിലെ വിലയേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് റേഷൻ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വിതരണം ചെയ്യാൻ ഇപ്പോൾ കഴിയുന്നുണ്ട്. എല്ലാ റേഷൻ കാർഡുടമകൾക്കും സംസ്ഥാന സർക്കാർ സബ്സിഡി നൽകി റേഷൻ സാധനങ്ങൾ വിതരണം ചെയ്യേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(ബി) ഇല്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കാണ് ഇപ്പോൾ റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നത്.

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാർ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 10.822 ലക്ഷം കുടുംബങ്ങളാണ് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 15.74 ലക്ഷം കുടുംബങ്ങൾ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാർ 10.822 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രമാണ് ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത്. ഇത് സംസ്ഥാനത്ത് നിലവിലുള്ള 15.74 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് വീതിച്ചു നൽകിവരുന്നു. ആയതിനാൽ ബി.പി.എൽ. കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട നിരക്കിൽ പ്രതിമാസം കാർഡൊന്നിന് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ എ. പി. എൽ. നിരക്കിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ സബ്സിഡി നൽകി ബി. പി. എൽ. വിഭാഗത്തിന് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തിനുള്ള കേന്ദ്ര അരി വിഹിതവും റേഷൻ വിതരണവും

41 [2658] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് റേഷൻ വിതരണത്തിനായി കേന്ദ്ര ഗവൺമെന്റ് എത്ര ടൺ അരിയാണ് നല്കിവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് റേഷൻ കടകൾ വഴി നല്കിവരുന്നത്;

(സി) ബി. പി. എൽ. വിഭാഗക്കാർക്കും, എ.പി.എൽ. വിഭാഗക്കാർക്കും നല്കിവരുന്ന ഭക്ഷ്യധാന്യങ്ങളുടേയും, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടേയും വില വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിനായി കേന്ദ്ര ഗവൺമെന്റ് പ്രതിമാസം 158289 മെട്രിക് ടൺ അരി നൽകിവരുന്നു.

എ. പി. എൽ. അരി വിഹിതം	..	113420	മെട്രിക് ടൺ
ബി. പി. എൽ. അരി വിഹിതം	..	28547	,,
എ. എ. വൈ. അരി വിഹിതം	..	16322	,,

(ബി) ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് പ്രതിമാസം കാർഡ് ഒന്നിന് 35 കിലോ ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുണ്ട്. (75% അരി കിലോഗ്രാമിന് 6.20 രൂപ പ്രകാരവും 25% ഗോതമ്പ് 4.70 രൂപ പ്രകാരവും നൽകുന്നു.) കൂടാതെ ആൾ ഒന്നിന് പ്രതിമാസം 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിലും നൽകിവരുന്നു.

(സി) ബി. പി. എൽ./എ. പി. എൽ. വിഭാഗങ്ങൾക്ക് നൽകിവരുന്ന റേഷൻ സാധനങ്ങളുടെ ഇപ്പോഴത്തെ വില.

	രൂപ/കിലോഗ്രാം
അരി	
എ. പി. എൽ.	8.90
ബി. പി. എൽ.	6.20
അന്ത്യോദയ അന്നയോജന	3.00
ഗോതമ്പ്	
എ. പി. എൽ.	6.70
ബി. പി. എൽ.	4.70
പഞ്ചസാര	13.50
മണ്ണെണ്ണ ലിറ്ററിന് (എ.പി.എൽ., ബി.പി.എൽ. എന്നീ രണ്ടു വിഭാഗത്തിനും)	9.40 മുതൽ 9.70 വരെ

LIBRARY ARCHIVES Kerala Legislative Assembly